**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2202** **11-10-2021 - ൽ മറുപടിയ്ക്ക്**

**നെയ്യാറ്റിൻകര മണ്ഡലത്തിലെ സപ്ലൈകോയുടെ പുതിയ ഔട്ട്‌ലെറ്റ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ ആൻസലൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ അതിയന്നൂർ പഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് ആരംഭിക്കുന്ന സപ്ലൈകോയുടെ പുതിയ ഔട്ട്‌ലെറ്റിന്റെ നിലവിലെ അവസ്ഥ എന്തെന്ന് വിശദമാക്കാമോ; | (എ) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലുള്ള അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിനായി പഞ്ചായത്ത് ലഭ്യമാക്കിയ കെട്ടിടം സപ്ലൈകോ ഡിപ്പോതല ഗുണമേന്മാ പരിശോധനാ ഉദ്യോഗസ്ഥൻ പരിശോധിച്ച്, അവശ്യസാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നതിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തി മറ്റ് അനുബന്ധ രേഖകൾ സഹിതമുള്ള ഡിപ്പോ മാനേജരുടെ റിപ്പോർട്ട് തിരുവനന്തപുരം മേഖലാ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ച് വിപണന സാധ്യത വിലയിരുത്തി പ്രവർത്തന നഷ്ടം ഒഴിവാക്കാമെന്നത് ഉറപ്പാക്കി, ജീവനക്കാരുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മേഖലാ മാനേജർ വ്യക്തമായ അഭിപ്രായം/ശുപാർശ സഹിതം കേന്ദ്ര കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് വിലയിരുത്തി മാത്രമാണ് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് അനുമതി നൽകുന്നത്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് അനുവാദം ലഭ്യമായാൽ മാത്രം കെട്ടിടം സപ്ലൈകോ ഏറ്റെടുത്ത്, ആവശ്യമായ ഫർണിഷിംഗ് ജോലികൾ കൂടി പൂർത്തിയാക്കിയശേഷമാണ് വിൽപ്പനശാലയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നത്. |
| (ബി) | പ്രസ്തുത ഔട്ട്‌ലെറ്റ് ആരംഭിക്കുന്നതിന് എന്തൊക്കെ ക്രമീകരണങ്ങളാണ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ നടപ്പിലാക്കേണ്ടത് എന്ന് വിശദമാക്കാമോ; | (ബി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലുള്ള അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിനായി പഞ്ചായത്ത് ലഭ്യമാക്കിയ കെട്ടിടം സപ്ലൈകോ ഡിപ്പോതല ഗുണമേന്മാ പരിശോധനാ ഉദ്യോഗസ്ഥൻ പരിശോധിച്ച്, അവശ്യസാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിപണനം |

| | | | |
|---|---|---|---|
| | | | നടത്തുന്നതിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തി മറ്റ് അനുബന്ധ രേഖകൾ സഹിതമുള്ള ഡിപ്പോ മാനേജരുടെ റിപ്പോർട്ട് തിരുവനന്തപുരം മേഖലാ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ച് വിപണന സാധ്യത വിലയിരുത്തി പ്രവർത്തന നഷ്ടം ഒഴിവാക്കാമെന്നത് ഉറപ്പാക്കി, ജീവനക്കാരുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മേഖലാ മാനേജർ വ്യക്തമായ അഭിപ്രായം/ശുപാർശ സഹിതം കേന്ദ്ര കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് വിലയിരുത്തി മാത്രമാണ് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് അനുമതി നൽകുന്നത്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് അനുവാദം ലഭ്യമായാൽ മാത്രം കെട്ടിടം സപ്ലൈകോ ഏറ്റെടുത്ത്, ആവശ്യമായ ഫർണിഷിംഗ് ജോലികൾ കൂടി പൂർത്തിയാക്കിയശേഷമാണ് വിൽപ്പനശാലയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നത്. |
| (സി) | ഔട്ട്‌ലെറ്റിന്റെ പ്രവർത്തനം എപ്പോൾ ആരംഭിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (സി) | നെയ്യാറ്റിൻകര നിയോജക മണ്ഡലത്തിലുള്ള അതിയന്നൂർ ഗ്രാമ പഞ്ചായത്തിലെ പോങ്ങിൽ എന്ന സ്ഥലത്ത് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിനായി പഞ്ചായത്ത് ലഭ്യമാക്കിയ കെട്ടിടം സപ്ലൈകോ ഡിപ്പോതല ഗുണമേന്മാ പരിശോധനാ ഉദ്യോഗസ്ഥൻ പരിശോധിച്ച്, അവശ്യസാധനങ്ങൾ സ്റ്റോക്ക് ചെയ്ത് വിപണനം നടത്തുന്നതിന് അനുയോജ്യമാണെന്ന് ഉറപ്പുവരുത്തി മറ്റ് അനുബന്ധ രേഖകൾ സഹിതമുള്ള ഡിപ്പോ മാനേജരുടെ റിപ്പോർട്ട് തിരുവനന്തപുരം മേഖലാ കാര്യാലയത്തിൽ സമർപ്പിച്ചിട്ടുണ്ട്. അത് പരിശോധിച്ച് വിപണന സാധ്യത വിലയിരുത്തി പ്രവർത്തന നഷ്ടം ഒഴിവാക്കാമെന്നത് ഉറപ്പാക്കി, ജീവനക്കാരുടെ ലഭ്യതയുടെ അടിസ്ഥാനത്തിൽ മേഖലാ മാനേജർ വ്യക്തമായ അഭിപ്രായം/ശുപാർശ സഹിതം കേന്ദ്ര കാര്യാലയത്തിൽ റിപ്പോർട്ട് സമർപ്പിക്കുന്ന മുറയ്ക്ക് പ്രസ്തുത റിപ്പോർട്ട് വിലയിരുത്തി മാത്രമാണ് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് അനുമതി നൽകുന്നത്. മേൽ പ്രകാരമുള്ള നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പുതിയ വിൽപ്പനശാല ആരംഭിക്കുന്നതിന് അനുവാദം ലഭ്യമായാൽ മാത്രം കെട്ടിടം സപ്ലൈകോ ഏറ്റെടുത്ത്, ആവശ്യമായ ഫർണിഷിംഗ് ജോലികൾ കൂടി പൂർത്തിയാക്കിയശേഷമാണ് വിൽപ്പനശാലയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയുന്നത്. |

സെക്ഷൻ ഓഫീസർ